# സഹോദരന്റെ ന്യൂനതകൾ പരസ്യമാക്കുന്നവരെ അല്ലാഹു അപമാനിക്കും

عَنْ أَبِي بَرْزَةَ الأَسْلَمِى رَضِي اللَّهُ عنه قَالَ: قَالَ رَسُولُ اللَّه ﷺ يَا مَعْشَرَ مَنْ أَسْلَمَ بِلِسَانِه وَلَمْ يَدْخُلِ الإِيمَانُ قَلْبَه، لا تَغْتَابُو الْمُسْلِمِينَ وَلاَ تَتبِعُوا عَوْرَاتِهِم، فَإِنَّه مَنِ اتَّبَعَ عَوْرَاتِهِم يَتبِعُ اللَّهُ عَوْرَاتَهُ وَمَنْ يَتبِعِ اللَّهُ عَوْرَتَه يَفْضَحْهُ وَلَوْ فِي بَيْتِه (أَبُودَاوُود).

**അബൂബർസ(റ)യിൽ നിന്ന്: നബി(സ) പറഞ്ഞു: വിശ്വാസം മനസ്സിൽ കടക്കാതെ തങ്ങളുടെ നാവ് കൊണ്ടുമാത്രം ഇസ്‌ലാം അംഗീകരിച്ച ജനമേ, നിങ്ങൾ മുസ്‌ലിംകളെ കുറിച്ച് പരദൂഷണം പറയരുത്. അവരുടെ ന്യൂനതകൾ പരതി നടക്കുകയുമരുത്. വല്ലവനും അവരുടെ ന്യൂനത തേടിനടക്കുകയാണെങ്കിൽ. അവന്റെ ന്യൂനതകൾ അല്ലാഹുവും തേടി നടക്കും. അല്ലാഹു ഒരുവന്റെ ന്യൂനത തേടിനടന്നാൽ അവൻ അപമാനിതനാവും. അവൻ തന്റെ വീട്ടിനകത്താണെങ്കിലും ശരി (അബൂദാവൂദ്).**

മനുഷ്യൻ ജന്മനാ ദൗർബല്യങ്ങളുള്ളവനാണ്. അതിനാൽ വീഴ്ചകളും തെറ്റുകളും സംഭവിക്കുക സ്വാഭാവികം. അത്തരം വീഴ്ചകൾ സംഭവിച്ചാൽ തെറ്റ് ഏറ്റുപറഞ്ഞ് അല്ലാഹുവിനോട് പശ്ചാത്തപിക്കുകയാണ് വേണ്ടത്. ചിലപ്പോൾ, വീഴ്ചകൾക്കും തെറ്റുകൾക്കും മറ്റ് ചിലർ സാക്ഷികളായിരിക്കും. അല്ലെങ്കിൽ മറ്റേതെങ്കിലും വഴി ഒരാളുടെ സ്വകാര്യമായ വീഴ്ചകൾ ചിലർ അറിഞ്ഞെന്നുവരും. തെറ്റ് സംഭവിച്ചയാൾ അതിൽ ഖേദിക്കുകയും അതാവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്തിട്ടുണ്ടാവും. അത് മറ്റുള്ളവർ അറിയാൻ അയാളിഷ്ടപ്പെടുകയില്ല. അതിനാൽ വ്യക്തികളുടെ വീഴ്ചകളും തെറ്റുകളും ന്യൂനതകളും അതറിഞ്ഞവർ മറച്ചുവെക്കുകയാണ് വേണ്ടത്. തെറ്റുകൾ സമൂഹത്തിൽ പ്രചരിക്കുന്നത് പരമാവധി തടയുക എന്ന സാമൂഹിക മര്യാദയുടെയും, വ്യക്തികളുടെയും കുടുംബത്തിന്റെയും അഭിമാന സംരക്ഷണത്തിന്റെയും ഭാഗമാണത്. അങ്ങനെ സഹോദരന്റെ ന്യൂനതകൾ മറച്ചുവെച്ചാൽ അവരുടെ രഹസ്യമായ വീഴ്ചകളും തെറ്റുകളും വിചാരണ വേളയിൽ അല്ലാഹു മറച്ചുവെക്കുമെന്ന സന്തോഷവാർത്തയും ഈ നബിവചനം പങ്കുവെക്കുന്നു. ഒരാൾ മറ്റൊരാളുടെ അധികമാരുമറിയാത്ത വീഴ്ചകളും ന്യൂനതകളും പരസ്യമാക്കിയാൽ അല്ലാഹു അവന്റെ ന്യൂനതകൾ സമൂഹ മധ്യത്തിൽ പരസ്യമാക്കുമെന്ന ജാഗ്രതാ പാഠവും ഹദീസ് ഉൾക്കൊള്ളുന്നു. ആ പരസ്യമാക്കൽ ഒരു പക്ഷേ ദുൻയാവിലാവാം. അല്ലെങ്കിൽ മഹ്ശറാ വിചാരണയിലുമാകാം. വീടിന്റെയകത്ത് സ്വകാര്യതയിൽ ചെയ്ത തെറ്റുകൾ പോലും അല്ലാഹു വിചാരിച്ചാൽ പരസ്യമാക്കപ്പെടുമെന്ന മുന്നറിയിപ്പ് വിഷയത്തിന്റെ ഗൗരവം വ്യക്തമാക്കുന്നതാണ്. ഒരാൾ തന്റെ സഹോദരന്റെ വീഴ്ചകളും തെറ്റുകളും പരസ്യമായി മറ്റുള്ളവരോട് പങ്കുവെക്കുന്നതാണ് പരദൂഷണം. അത് സഹോദരന്റെ ന്യൂനത പരസ്യപ്പെടുത്തുന്നതിന്റെ ഭാഗമായാണ് ഹദീസ് പരിചയപ്പെടുത്തുന്നത്.

സഹോദരന്റെ ന്യൂനതകളും രഹസ്യങ്ങളും മറച്ചുവെക്കുകയാണ് വേണ്ടത്. നബി(സ) പറയുന്നു: "ഒരു മുസ്‌ലിമിന്റെ രഹസ്യം ഒരാൾ മറച്ചുവെച്ചാൽ അല്ലാഹു അവന്റെ രഹസ്യം മറച്ചുവെക്കും" (ബുഖാരി, മുസ്‌ലിം). മറ്റൊരു നബിവചനം ഇങ്ങനെയാണ്:

"തന്റെ കൂട്ടുകാരന് സംഭവിച്ച ഒരു വീഴ്ച ഒരാൾ അറിയുകയും എന്നിട്ട് അത് രഹസ്യമാക്കി വെക്കുകയും ചെയ്താൽ അന്ത്യനാളിൽ അല്ലാഹു അവന്റെ ന്യൂനതകൾ ജനങ്ങളിൽനിന്ന് മറച്ചുവെക്കുന്നതാണ്" (ത്വബ്റാനി).

മറ്റുള്ളവരുടെ തെറ്റുകളും കുറ്റങ്ങളും പങ്കുവെച്ച് അതിൽ രസം കണ്ടെത്തുന്നവർക്ക് പരലോകത്ത് ലഭിക്കുന്ന കഠിനമായ ശിക്ഷയുടെ രൂപം മിഅ്റാജ് വേളയിൽ ജിബ്‌രീൽ റസൂലിന് കാണിച്ചുകൊടുത്തത് ഹദീസിൽ വന്നിട്ടുണ്ട്. നബി(സ) പറഞ്ഞു: "എന്നെ എന്റെ നാഥൻ വാനലോകത്തേക്ക് ഉയർത്തിയപ്പോൾ അവിടെ ഞാൻ ചിലരുടെ അരികിലൂടെ കടന്നുപോയി. അവർക്ക് ചെമ്പുകൊണ്ടുള്ള നഖങ്ങൾ ഉണ്ടായിരുന്നു. അവർ അതുകൊണ്ട് തങ്ങളുടെ മുഖങ്ങളും നെഞ്ചുകളും മാന്തിപ്പൊളിച്ചുകൊണ്ടിരുന്നു. അപ്പോൾ ഞാൻ ജിബ്‌രീലിനോട് ചോദിച്ചു. ഇവർ ആരാണ്? ജിബ്‌രീൽ പറഞ്ഞു: "മറ്റുള്ളവരുടെ മാംസം തിന്നുകൊണ്ടിരിക്കുകയും അവരുടെ അഭിമാനം കൊണ്ട് കളിക്കുകയും ചെയ്തിരുന്നവരാണിവർ" (അബൂദാവൂദ്).

മറ്റുള്ളവരുടെ കുറ്റവും കുറവും സമൂഹമധ്യത്തിൽ പ്രചരിപ്പിക്കുന്നത് വ്യഭിചാരത്തേക്കാൾ വലിയ തിന്മയെന്നാണ് റസൂൽ(സ) പരിചയപ്പെടുത്തിയത്. നബി(സ) പറഞ്ഞു: "പരദൂഷണം വ്യഭിചാരത്തേക്കാൾ കഠിനമായ കുറ്റമാണ്. ആളുകൾ ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, പരദൂഷണം എന്തുകൊണ്ടാണ് വ്യഭിചാരത്തേക്കാൾ കഠിനമായ കുറ്റമാകുന്നത്? നബി(സ) പറഞ്ഞു: 'ഒരു മനുഷ്യൻ വ്യഭിചരിച്ചു. പിന്നീട് പശ്ചാത്തപിച്ചു. എന്നാൽ പരദൂഷണം അവൻ ആരെക്കുറിച്ച് നടത്തിയോ അയാൾ വിട്ടുകൊടുക്കുന്നതുവരെ അല്ലാഹു പൊറുത്തുകൊടുക്കില്ല" (മിശ്കാത്ത്).

സ്വഹാബികളുടെ കുറ്റങ്ങളും കുറവുകളും തന്റെയടുത്ത് പങ്കുവെക്കുന്നത് റസൂൽ(സ) വിലക്കിയിരുന്നു. അവരുടെ നന്മകൾ മാത്രം പരസ്യമായി കേൾക്കുന്നത് ഇഷ്ടപ്പെട്ട പ്രവാചകൻ പറഞ്ഞു: "എന്റെ അനുചരന്മാരിൽ ഒരാളും മറ്റൊരാളെക്കുറിച്ച് യാതൊന്നും എന്റെ മുന്നിൽ അവതരിപ്പിക്കരുത്. നിശ്ചയം, നിങ്ങളിലേക്ക് ഹൃദയവിശുദ്ധിയോടെ കടന്നുവരാനാണ് ഞാൻ ആഗ്രഹിക്കുന്നത്" (അബൂദാവൂദ്, അഹ്മദ്). ■